സ.ഉ.(കൈ) നം.109/2022/GEDN

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ്-കെ ടെറ്റ് കാറ്റഗറി III കരസ്ഥമാക്കിയ ഭാഷാധ്യാപകരെ കാറ്റഗറി IV കരസ്ഥമാക്കുന്നതിൽ നിന്നും ഒഴിവാക്കിക്കൊണ്ടും ഹൈസ്കൂൾ തലം വരെയുള്ള സ്പെഷ്യലിസ്റ്റ് അധ്യാപകർ കാറ്റഗറി IV പരീക്ഷ പാസാകേണ്ടതാണെന്ന് നിഷ്കർഷിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതു വിദ്യാഭ്യാസ(ജെ)വകുപ്പ്

സ.ഉ.(കൈ) നം.109/2022/GEDN തീയതി,തിരുവനന്തപുരം, 24-06-2022

പരാമർശം:- 1. 09.03.2018 ലെ 1866829/ജെ 3/17/പൊ.വി.വ സർക്കുലർ

2. കേരള ഉർദു ടീച്ചേഴ്സ് അസോസിയേഷൻ (KUTA) 31.10.2018 ന് സമർപ്പിച്ച നിവേദനം

3. എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ 04.02.2021 ലെ നം.Prog 2/3224/2020/SCERT നമ്പർ കത്ത്

4. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 08.12.2021 ലെ നം.ഡിജിഇ /7768/2021/എച്ച് 3 നമ്പർ കത്ത്

ഉത്തരവ്

പരാമർശം 1 ലെ പരിപത്രം പ്രകാരം SET, NET, Ph.D, M.Phil , M.Ed തുടങ്ങിയ യോഗ്യതകൾ നേടിയവരെ കെ ടെറ്റിൽ നിന്നും ഒഴിവാക്കിക്കൊണ്ടും കെ -ടെറ്റ് III വിജയിച്ചവരെ കെ ടെറ്റ് II നേടുന്നതിൽ നിന്ന് ഒഴിവാക്കിയും ഉത്തരവായിരുന്നു. മേൽ പരിപത്രത്തിന്റെ അടിസ്ഥാനത്തിൽ SET, NET, Ph.D, M.Phil M.Ed, കെ -ടെറ്റ് III എന്നിവ നേടിയവരെ അതത് വിഷയത്തിൽ കെ- ടെറ്റ് IV യോഗ്യത നേടുന്നതിൽ നിന്ന് ഒഴിവാക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് കേരള ഉറുദു ടീച്ചേർസ് അസോസിയേഷൻ പരാമർശം 2 പ്രകാരം സർക്കാരിൽ നിവേദനം സമർപ്പിച്ചു.

കെ ടെറ്റ് കാറ്റഗറി III കരസ്ഥമാക്കിയ ഭാഷാധ്യാപകരെ കാറ്റഗറി IV കരസ്ഥമാക്കുന്നതിൽ നിന്നും ഒഴിവാക്കുന്നത് ഉചിതമായിരിക്കും എന്നും എന്നാൽ കായികാധ്യാപകർ, മറ്റ് സ്പെഷ്യലിസ്റ്റ് അധ്യാപകർ

എന്നിവരെ കാറ്റഗറി III വിജയിച്ചാലും കാറ്റഗറി IV ൽ നിന്ന് ഒഴിവാക്കുന്നത് ഉചിതമായിരിക്കില്ല എന്നും പരാമർശം 3, 4 എന്നിവ പ്രകാരം എസ്.സി.ഇ.ആർ.ടി ഡയറക്ടറും പൊതു വിദ്യാഭ്യാസ ഡയറക്ടറും അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ ടെറ്റ് കാറ്റഗറി III കരസ്ഥമാക്കിയ ഭാഷാധ്യാപകരെ കാറ്റഗറി IV കരസ്ഥമാക്കുന്നതിൽ നിന്നും ഒഴിവാക്കിക്കൊണ്ടും ഹൈസ്കൂൾ തലം വരെയുള്ള സ്പെഷ്യലിസ്റ്റ് അധ്യാപകർ കാറ്റഗറി IV പരീക്ഷ പാസാകേണ്ടതാണെന്ന് നിഷ്കർഷിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മീനാംബിക എം.ഐ

ജോയിന്റ് സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, എസ്.സി.ഇ.ആർ.ടി, തിരുവനന്തപുരം

എലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)

ജനറൽ സെക്രട്ടറി,കേരള ഉർദു ടീച്ചേഴ്സ് അസോസിയേഷൻ(KUTA),

കോഴിക്കോട്

ഡയറക്ടർ(വെബ്& ന്യൂ മീഡിയ)/പ്രസ്സ് റിലീസ്,വിവര പൊതുജന സമ്പർക്ക വകുപ്പ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by N.k. Sheena
Date: 24-06-2022 11:50:18

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സ്